ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: പട്ടികജാതിക്കാരിൽ പണിയർ കുറിച്ചി മുതലായ സമുദായക്കാരെ അടിമകളെപ്പോലെ വിൽപ്പന നടത്തുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയുണ്ടായി. ഇങ്ങനെ അടിമകളെപ്പോലെ വിൽപ്പന നടത്തുന്ന സമ്പ്രദായം ഇന്നും നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതു തടയാനുള്ള ഏതെങ്കിലും നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ: ഈ കാര്യങ്ങളെസംബന്ധിച്ച് പ്രത്യേകിച്ച് വയനാട്ടിലാണ് ഉള്ളത്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെൻറ് ചില നടപടികളെല്ലാം ഇപ്പോൾ കൈക്കൊണ്ടു വരികയാണ്.

കേരള ഭൂപരിഷ്ക്കരണ ഭേദഗതി നിയമം

* 101 [357] ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

1969–ലെ കേരള ഭൂപരിഷ്ക്കരണ ഭേദഗതി നിയമം നടപ്പിൽ വരുത്തുന്നതിനു ഗവൺമെൻറു സ്വീകരിച്ച നടപടികൾ ഏവ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): ഈ നിയമം നടപ്പിൽവരുത്തുന്നതിനാവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുക, റൂളുകൾ പ്രസിദ്ധീകരിക്കുക, ലാൻറ് ട്രൈബ്യൂണലുകൾ രൂപീകരിക്കുക എന്നീ കാര്യങ്ങൾ ഗവൺമെൻറ് ചെയ്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: അപേക്ഷകൾ സമർപ്പിച്ചിരിക്കണമെന്നുപറയുന്ന ഈ അവസരത്തിൽ അതിനാവശ്യമായ ഫോറങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറയുകയുണ്ടായി. എന്നാൽ അങ്ങനെയുള്ള ഫോറങ്ങൾ കിട്ടുന്നില്ലെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഗവൺമെൻറ് ഈ നിയമം നടപ്പിലായി ഏതാനും ദിവസത്തിനകംതന്നെ കുടികിടപ്പു പർച്ചേസ് റൈറ്റിനുള്ള ഫോറങ്ങൾ '2–ാം നമ്പർ ഫോറങ്ങൾ ലക്ഷക്കണക്കിനു അടിച്ച് എല്ലാ കളക്ടറേറ്റിലും, താലൂക്കാഫീസുകളിലും, വില്ലേജാഫീസുകളിലും എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. അത് പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിരുന്നു. മിക്കവാറും എല്ലാ സ്ഥലങ്ങളിലും കിട്ടിയിട്ടുണ്ടെന്നാണ് കരുതുന്നത്. ഇനി കിട്ടാതെയുണ്ടെങ്കിൽ അന്വേഷിച്ചുകൊള്ളാം.

ശ്രീ. സി. കെ. രാജൻ: ഈ നിയമം നടപ്പിലാക്കാൻ എന്തു ചെലവു വരുമെന്നും, കേന്ദ്രഗവൺമെൻറ് എന്തു സഹായം തരുമെന്നും അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: എന്തു ചെലവാകുമെന്ന് മൊത്തമായി കണക്കാക്കിയിട്ടില്ല. ഇതുസംബന്ധിച്ചു സഹായം നൽകണമെന്ന് കേന്ദ്രഗവൺമെൻറിനോട് അപേക്ഷിച്ചിരുന്നു. ഈ കാര്യത്തിൽ കേന്ദ്രഗവൺമെൻറ് അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിഗണിക്കുന്നതാണെന്ന് ഒരു കത്ത് അയച്ചു തന്നിട്ടുണ്ട്.

ശ്രീ. ജോർജജ് തോമസ്: സർ, ഭൂപരിഷ്ക്കരണ ഭേദഗതിബില്ല് നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെൻറ് അല്ലാതെ മറ്റാരെങ്കിലും മുൻകൈ എടുത്തതായി ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: ഇല്ല.

ശ്രീ. കെ. കരുണാകരൻ: ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച നോട്ടിഫിക്കേഷൻകൊണ്ട് കുടിയാൻമാരുടെ ഭൂമിയുടെ ഉടമസ്ഥൻ സർക്കാരായിത്തീർന്നിരിക്കുകയാണ്. ഈ ഭൂമികളുടെ ഉടമാവകാശം, കുടിയാന്റെ കൈവശം ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ഏറ്റവും വേഗത്തിൽ കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: 72–ാം വകുപ്പനുസരിച്ച് 1–1–1970 മുതൽ ഈ ഭൂമി മുഴുവൻ ഗവണ്മെൻറിൽ വെസ്റ്റു ചെയ്തിരിക്കുകയാണ്. ഇത് കുടിയാന് അസൈൻ ചെയ്തു കൊടുക്കുന്ന നടപടികൾ പരിശോധിച്ച് വേണ്ട നടപടികൾ നടന്നുവരുന്നതേയുള്ളു. അപേക്ഷകൾ ലഭിച്ചു കൊണ്ടിരിക്കുന്നതേയുള്ളു. ഒരു കാര്യംകൂടി വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. പത്രങ്ങളിൽക്കൂടിയും മറ്റും അഡ്വക്കേറ്റ്സുംമറ്റും സംശയം പുറപ്പെടുവിക്കുന്നുണ്ട്. ഇതിനുമുൻപ് ഒറിജിനൽ ആക്ടിലെ 54, 55 വകുപ്പുകൾ പ്രകാരം ട്രൈബ്യൂണലിൽ അപേക്ഷ കൊടുത്തിരുന്ന കുടിയാന്റെ കാര്യം എന്തായി, ആ കുടിയാൻ ഇനി എന്തെങ്കിലും ചെയ്യേണ്ടതായുണ്ടോ എന്ന് സംശയം ഉന്നയിച്ചിട്ടുണ്ട്. ആ കുടിയാൻമാർ ഒന്നും ചെയ്യേണ്ടതില്ല. 54, 55 വകുപ്പുകളനുസരിച്ച് അന്നു കൊടുത്തിരുന്ന അവകാശം വാസ്തവത്തിൽ അന്നുമുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ ജൻമിയുടെ വസ്തുക്കൾ, കുടിയാന്റെ വസ്തുക്കൾ ഗവൺമെൻറിൽ ലയിച്ചിരിക്കുകയാണെന്നു നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ബില്ല് നടപ്പാക്കിയതിന്റെ ഭാഗമായി സിവിൽ കോടതിയെ ആശ്രയിക്കാതെ കുടികിടപ്പുകാർക്കും കുടിയാൻമാർക്കും വേഗത്തിൽ നിയമസംരക്ഷണം കൊടുക്കുമെന്ന് പത്രത്തിൽ കാണുകയുണ്ടായി. ഇപ്പോഴത്തന്നെ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിഞ്ഞുമാറുന്നതിനും കൈവശക്കുടിയാന് എതിരായും ഒട്ടേറെ സിവിൽ കേസുകൾ വസ്തു ഉടമസ്ഥൻമാർ കൊടുത്തിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ കുടികിടപ്പുകാർക്കാവശ്യമായ നിയമസഹായം സൗജന്യമായി ഗവൺമെൻറു കൊടുക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: അതേപ്പറ്റി ആലോചിക്കാം. ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുന്ന കേസുകളെസംബന്ധിച്ചാണ് കഴിയുന്നിടത്തോളം നിയമസഹായം കൊടുക്കാൻ കഴിയുമെന്നു ഞാൻ പ്രഖ്യാപിച്ചത്. ബില്ലിന്റെ ഇംപ്ലിമെൻറേഷൻ ആരംഭിച്ചതോടുകൂടി സംസ്ഥാനത്ത് ചില പ്രക്രിയകൾ ആരംഭിച്ചിട്ടുണ്ട്. അതായത് കൃഷി ചെയ്തത് കുടിയാനാണെങ്കിൽ ഇതിനുമുമ്പൊക്കെ ചില സ്ഥലങ്ങളിൽ ജൻമിമാരുടെ പടിക്കൽ കൊയ്തുകൊണ്ടു വയ്ക്കണമായിരുന്നു. അങ്ങനെ ചെയ്തുകൊണ്ടിരുന്നിടത്ത് ഇപ്പോഴും അങ്ങനെതന്നെ വയ്ക്കണമെന്നു നിർബന്ധം പിടിക്കുന്നുണ്ട്. അതിനോട് ഗവൺമെൻറ് അനുകൂലിക്കുന്നില്ല. ഒന്നാംതീയതി മുതൽ കൃഷിക്കാരന് അയാളുടെ ഇഷ്ടംപോലെ കൊയ്തുവയ്ക്കാൻ അവകാശമുണ്ട്. അങ്ങനെ കൊയ്ത് അടക്കേണ്ട പാട്ടം അയാൾ അടച്ചുതീർക്കേണ്ട നഷ്ടപരിഹാരത്തിന്റെ ഭാഗമായി വരുന്നതുകൊണ്ട് ഇപ്പോൾ കൃഷിചെയ്തിട്ടുള്ള കൃഷിയെസംബന്ധിച്ചിടത്തോളം ജൻമിമാർ അവകാശം പുറപ്പെടുവിക്കാൻ പാടുള്ളതല്ലെന്ന് ഗവൺമെൻറ് വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഗവൺമെൻറിന്റെ പ്രഖ്യാപിതനയത്തിനെതിരായി കൈവശക്കാരായിട്ടുള്ള കൃഷിക്കാർ ഇഷ്ടംപോലെ കൊയ്തെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തു എന്നുള്ളതിന്റെ പേരിൽ പെരുമ്പാവൂരിൽ കുന്നത്തുനാട് പ്രദേശത്ത് 107 കേസ് ഗവൺമെന്റിന്റെ ഉദ്യോഗസ്ഥൻമാരായ പോലീസുകാർ 107—ന്റെ കേസ് എൻ. ജി. കർത്താ വക്കീലടക്കമുള്ള ആളുകൾക്കെതിരായി കേസെടുത്തിട്ടുണ്ട്. ഈ കേസുകൾ പിൻവലിക്കാനും പ്രഖ്യാപിതനയം നടപ്പാക്കാനും ശ്രമിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇതിലൊക്കെ എന്ത് അന്തർഭവിച്ചിട്ടുണ്ടെന്നുള്ളത് ക്രിമിനൽ പ്രൊസീഡ്യുവർ നടപടികളായതുകൊണ്ട് എന്തൊക്കെയാണെന്ന് അന്വേഷിക്കാം. അതിനാവശ്യമായ നടപടികൾ എടുക്കാം.

ശ്രീ. കെ. ടി. ജോർജ്ജ്: കുടികിടപ്പുകാർക്ക് പർച്ചേസ് റൈറ് ഉപയോഗിക്കാൻവേണ്ട ഫാറം പൂരിപ്പിക്കാൻ പല അനധികൃത ഏജൻസികളും രംഗപ്രവേശം ചെയ്തിട്ടുണ്ട്. ഫോറം വേണ്ടതുപോലെ പൂരിപ്പിക്കാതെ വന്നാൽ അവരുടെ അവകാശം നഷ്ടപ്പെടുമെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് കുടികിടപ്പുകാർക്ക് സംരക്ഷണം നൽകുന്നതിന് സൗജന്യമായി നിയമസഹായം ചെയ്തുകൊടുക്കാൻ ഗവൺമെന്റു നടപടിസ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ആവശ്യമായ നിയമസഹായം എന്തുമാത്രം ഉണ്ടെന്ന് അറിഞ്ഞുകൂടാ. ഫോറം പൂരിപ്പിക്കാൻ സാമാന്യം ഒരു ആധാരമെഴുത്തുകാരന്റെ അറിവുണ്ടെങ്കിൽ മതി. നിയമപരമായ ആവശ്യമുണ്ടെങ്കിൽ അതു ചെയ്തുകൊടുക്കാൻ തയ്യാറാണ്. ഇതിനെസംബന്ധിച്ച് ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ഫോറം വളരെയധികം വിശദാംശങ്ങൾ ഉള്ളതുകൊണ്ട് പൂരിപ്പിക്കാൻ ബുദ്ധിമുട്ടുണ്ടെന്നു പരാതി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചേർത്തത് സിവിൽ കോടതിയിൽ വരേണ്ട പ്രശ്നമെന്നുള്ള നിലയിലാണ്. എങ്കിലും ആളുകൾക്ക് ലഭ്യമല്ലാത്ത വിവരങ്ങളൊന്നും ചേർക്കേണ്ട, വിവരം അന്വേഷിച്ചാൽ കിട്ടുന്നില്ലെങ്കിൽ ചേർക്കേണ്ട എന്നുള്ള തരത്തിൽ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. നിയമപരമായ സഹായത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കുടികിടപ്പുകാരുടെയും ടെനൻറിന്റെയും അവകാശം ഗവൺമെന്റിൽ വെസ്റ്റു ചെയ്തിരിക്കുന്നു എന്നു മിനിസ്റ്റർ പറഞ്ഞു. എന്നാൽ ജൻമി കുടികിടപ്പുകാരനിൽ നിന്നും ടെനൻറിൽനിന്നും ഭൂമി ഒഴിപ്പിയ്ക്കാൻ കൃത്രിമമായി നൂറുകണക്കിനു കേസുകൾ ഉണ്ടാക്കുന്നുണ്ട്. ഈ കേസുകളെ സംബന്ധിച്ചിടത്തോളം ടെനൻറിനും കുടികിടപ്പുകാർക്കും പ്രൊട്ടക്ഷൻ കൊടുക്കാൻ ഈ ഗവൺമെന്റു തയ്യാറാണോ?

ശ്രീ. കെ. ടി. ജേക്കബ്: തീർച്ചയായും. ഏതെങ്കിലും ജൻമി ഒഴിപ്പിച്ചു വിടുന്നതായി പരാതിയൊന്നും ലഭിച്ചിട്ടില്ല. എവിടെയെങ്കിലും അങ്ങനെ ഒഴിപ്പിച്ചു വിടുന്നുവെന്നു അറിവുലഭിച്ചാൽ തീർച്ചയായും പോലീസ് സംരക്ഷണമോ മറേറതെങ്കിലും സംരക്ഷണമോ അതെല്ലാം കൊടുക്കാവുന്നതാണ്.

ശ്രീ. സി. കെ. രാജൻ: ഈ നിയമത്തിനെതിരായി ഹൈക്കോടതിയിൽ കേസ് കൊടുത്തതിനെതിരായി ഈ നിയമത്തെ സംരക്ഷിക്കുവാൻ വേണ്ടി കേസ് നടത്താൻ എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഹൈക്കോടതിയിൽ ചില പെറ്റിഷൻസ് എത്തിയിട്ടുണ്ട്. മാർച്ചുമാസാരംഭത്തോടുകൂടി വിചാരണ ആരംഭിക്കുമെന്നാണ് അറിയുന്നത്. ആ അവസരത്തിൽ ഈ കേസ് ഏറ്റവും ശക്തിയായി

LIBRARY ARCHIVES Kerala Legislative Assembly

വാദിക്കുന്നതിനുവേണ്ടി അഖിലേൻഡ്യാ പ്രശസ്തിയുള്ള അഭിഭാഷകൻമാർ ഉൾപ്പെട്ട, അഡ്വക്കേറ്റു ജനറലും ഇവിടെയുള്ള പ്രമുഖ അഭിഭാഷകരും ചേർന്ന് ഒരു പാനൽ ഗവൺമെൻറ് മിക്കവാറും രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. എന്തായിരുന്നാലും കോടതിയിൽ ഇതിനുവേണ്ടി, നിയമപരമായ സംരക്ഷണത്തിനുവേണ്ടി ഗവൺമെൻറു പ്രവർത്തിക്കുന്നതാണ്.

ശ്രീ. എം. കെ. ദിവാകരൻ: ഇന്ന് ഒരു താലൂക്കിൽ ഒരു ലാൻഡ് ട്രിബ്യൂണലാണ്. കൈവശരേഖ തയ്യാറാക്കുക, ഉടമാവകാശം മുതലായ കാര്യങ്ങളും പൂർത്തിയാക്കാൻ ഒരു ലാൻഡ് ട്രിബ്യൂണലിന് വളരെയധികം സമയം വേണ്ടിവരും. അതുകൊണ്ട് കൂടുതൽ ട്രിബ്യൂണലുകളെ നിയമിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇപ്പോഴത്തെന്നെ നിലവിലുണ്ടായിരുന്ന മുനിസിപ്പൻമാർ അടങ്ങുന്ന 15 ട്രിബ്യൂണലുകൾക്കു പുറമേ 1–1–70 മുതൽ 50 തഹസീൽദാർമാരെ കൂടി ട്രിബ്യൂണലുകളാക്കി നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇതിനും പുറമേ പെറിഷൻസ് വരുന്നതിൻെറ കൂടുതൽ കുറവനുസരിച്ച് എവിടെയെല്ലാം കൂടുതൽ ട്രിബ്യൂണലുകൾ വേണമോ, വില്ലേജുകളിൽ വേണമെങ്കിൽ വില്ലേജുതോറും, അതല്ല താലൂക്കിൽ തന്നെ റീജിയൺ ആയിട്ടു വേണമെങ്കിൽ അതിനെല്ലാം ഗവൺമെൻറു തയ്യാറാണ്. ട്രിബ്യൂണലിൻെറ കുറവുകൊണ്ട് കേസുകൾ തീരാതെ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം ഒരിക്കലും ഉണ്ടാകുകയില്ലെന്ന് ഉറപ്പു നൽകുന്നു.

ശ്രീ. സി. ബി ചന്ദ്രശേഖരവാര്യർ: ഈ നിയമം നടപ്പിലാക്കുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കുന്നതിനും ഈ നിയമത്തിൻെറ ആനുകൂല്യം ലഭിക്കേണ്ട വിഭാഗത്തിന് അതു ലഭിക്കുന്നതിനും വേണ്ടി ഗവൺമെൻറു നടപടി സ്വീകരിക്കുമെന്നു നടത്തിയ പ്രഖ്യാപനം നടപ്പിലാക്കുന്നതിനു വിരുദ്ധമായി പോലീസ് ഈ നിയമത്തിൻെറ ആനുകൂല്യം ലഭിക്കേണ്ടവർക്കെതിരായി നടപടികൾ സ്വീകരിക്കുന്നു എന്നുള്ളതു മനസ്സിലാക്കിക്കൊണ്ട് ഈ നിയമം അനുസരിച്ച് വിളകളെടുക്കുന്നതിനും ആദായം എടുക്കുന്നതിനും അവകാശം ആർക്കൊക്കെയുണ്ടെന്നും അവകാശങ്ങളിൽ ഏതെല്ലാം നിലയിലാണ് മാറ്റം വന്നിട്ടുള്ളതെന്നും പോലീസ് ഉദ്യോഗസ്ഥൻമാരെയുംകൂടി ഒന്നു ബോധ്യപ്പെടുത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഈ അവകാശങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ കുടിയാൻമാർക്കാണെങ്കിലും കുടികിടപ്പുകാർക്കാണെങ്കിലും പരിധിക്കപ്പുറത്തുള്ളവരാണെങ്കിലും എല്ലാപേരെ സംബന്ധിച്ചിടത്തോളവും ഗവൺമെൻറ് നിഷ്പക്ഷമായ നിലയാണു സ്വീകരിക്കുന്നത്. പോലീസ് അങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടാൻ പാടില്ല. ഇടപെടുന്നുണ്ടെങ്കിൽ അതിനെ കർശനമായി തടയും.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പങ്കുപാട്ടക്കാരും പാതിവാരക്കാരുമായ ആളുകൾ ഈ നിയമം നടപ്പിലാകുന്നതുമൂലം കുടിയാൻമാരായി മാറുന്ന സ്ഥിതിക്ക് വിളകൾ കൊയ്തെടുക്കുന്നതിനും ആദായമെടുക്കുന്നതിനും അവകാശമുണ്ടായിരിക്കേ ഈ നിയമത്തിലുള്ള മാറ്റങ്ങളനുസരിച്ചുള്ള ധാരണയില്ലാത്ത പോലീസ് ഉദ്യോഗസ്ഥൻമാർ നെല്ലു കൊണ്ടുപോകുന്നത് മോഷണമാണെന്നുള്ള ധാരണയിൽ കേസെടുക്കുകയും അതിനെതിരായി ജൻമിമാർക്ക് സംരക്ഷണം കൊടുക്കുകയും ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്നു എന്നുള്ളതിന് ഉദാഹരണങ്ങൾ ധാരാളമുണ്ടായിരിക്കേ ഈ മാതിരി നിയമങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ള മാറ്റങ്ങൾ പോലീസ് ഉദ്യോഗസ്ഥൻമാരെയുംകൂടി ബോധ്യപ്പെടുത്തിയെങ്കിൽ മാത്രമേ ഗവൺമെൻറിൻെറ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയൂ എന്നുള്ളതുകൊണ്ട് അതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുശരിയാണ്. ചില സ്ഥലങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായതുഗവൺമെൻറിനു അറിവു ലഭിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ ഈ ബില്ലിൻെറ ആനുകൂല്യങ്ങൾ ലഭിക്കേണ്ട ആളുകൾക്ക് നഷ്ടപ്പെടാനിടയുള്ള യാതൊരു നടപടിയും സ്വീകരിച്ചുകൂടാ എന്നു കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനു ശേഷം എങ്ങുംതന്നെ നടന്നിട്ടുള്ളതായി അറിവു ലഭിച്ചിട്ടില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ ഉടൻതന്നെ മാറ്റാൻ ആവശ്യമായ നടപടികളെടുക്കാം.

ശ്രീ. എൻ. കണപതി: ഐ, ലാണ്ട് റിപാംസ് ആക്ട് പ്രകാരം ഏതാവതു റൂൾസ് (சட்டம்) ഉണ്ടാക്കപ്പട്ടിരുക്കിറതാ ?

ശ്രീ. കെ. ടി. ജേക്കബ്: ഇതിനെ സംബന്ധിച്ചുള്ള എല്ലാ റൂൾസും ഇതിനകം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. സെക്ഷൻ 72 അനുസരിച്ചുള്ള റൂൾസും സീലിംഗ് സംബന്ധിച്ച റൂൾസും എല്ലാം യഥാവസരം പ്രസിദ്ധപ്പെടുത്തുകയും ഈ റൂൾസ് പത്രങ്ങളിൽ, നമ്മുടെ പ്രധാനപ്പെട്ട എല്ലാ ദിനപ്പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആപ്ലിക്കേഷൻ ഫാറം രണ്ടുമൂന്നുലക്ഷം വീതം അടിച്ച് എത്തിച്ചിട്ടുണ്ട്. അതുപോലെതന്നെ ഓരോ വകുപ്പിനെ സംബന്ധിച്ചും സാധാരണക്കാർക്ക് മനസ്സിലാകത്തക്ക ലളിതമായ മലയാള ഭാഷയിൽ മൂന്നും നാലും ലക്ഷം കോപ്പി വീതം ഈ നാട്ടിലാകെ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്; സൗജന്യമായി വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: ശ്രീ. സി. ബി. സി. വാര്യർ പ്രസ്താവിച്ചതുപോലെ പോലീസുകാർക്ക് മാത്രമല്ല ബഹുജനങ്ങൾക്കു തന്നെ ഈ ബില്ലിൻെറ വ്യാപ്തിയെ സംബന്ധിച്ച് ബോധമില്ല. പലരും തഹശീൽദാർ മുൻപാകെ നിയമപരമായ ആപ്ലിക്കേഷൻ കൊടുത്തിട്ടില്ല. നിയമപരമായ അവകാശം മനസ്സിലാക്കാതെ വേലികെട്ടിയെടുത്താൽ അവകാശം കിട്ടുമെന്ന ബോധത്തോടുകൂടി പ്രവർത്തിക്കുന്ന ചിന്താഗതി മാറ്റത്തക്കവണ്ണം ഈ ബില്ലിൻെറ വ്യാപ്തിയെ സംബന്ധിച്ചിടത്തോളം സമഗ്രമായ അറിവു ബഹുജനങ്ങൾക്ക് കൊടുക്കാൻ തയ്യാറുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഈ ബില്ലിൻെറ വകുപ്പുകളെല്ലാം ഇതുമായി ബന്ധപ്പെടുന്നആളുകൾക്കു മാത്രമല്ല ഈ രാജ്യത്തുള്ള എല്ലാപേർക്കും മനസ്സിലാകത്തക്ക വിധത്തിൽ ഒരു വലിയ പ്രൊപ്പഗൻഡാ മെഷീനറിയെ ഏർപ്പെടുത്തി ഗവൺമെൻറ് നിലവാരത്തിൽ ആരംഭിക്കണമെന്ന് ഉദ്ദേശിച്ചിട്ടുണ്ട്. അതുനടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു മാത്രം ഇക്കാര്യം ശരിയാകുമെന്നു വിശ്വസിക്കുന്നില്ല. രാഷ്ട്രീയപാർട്ടികളും കർഷകത്തൊഴിലാളികളും, കുടികിടപ്പു സംഘടനകളും എല്ലാം ഇക്കാര്യത്തിൽ മുന്നോട്ടുവന്ന് ഇതിൻെറ വിശദാംശങ്ങളെപ്പറ്റി ജനങ്ങളുടെയിടയിൽ ബോധം ഉളവാക്കിയെങ്കിൽ മാത്രമേ വിജയിക്കുകയുള്ളു. അതുകൊണ്ട് ഈ ഗവൺമെൻറ് ബില്ലിൻെറ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം കൃഷിക്കാരുടേയും നാട്ടിലാകെയുള്ള ജനങ്ങളുടെയും മുൻകൈയ് സ്വാഗതം ചെയ്യുകയാണ്. അവരുടെ സഹായം കൂടാതെ ഈ ബിൽ നടപ്പിലാക്കാമെന്ന വ്യാമോഹം ഗവൺമെൻറിനില്ല. ഇതിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എന്തെല്ലാം പ്രചരണം നടത്തണമോ എവിടെയെല്ലാം ബോധമുണ്ടാക്കാൻ ശ്രമിക്കണമോ അതിനെല്ലാം ഗവൺമെൻറ് തയ്യാറാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ ബില്ലിൽ കുടികിടപ്പുകാർക്കും കുടിയാൻമാർക്കും ഉള്ള പല അവകാശങ്ങളെ സംബന്ധിച്ചിടത്തോളം അതവർ ഉപയോഗിക്കുമ്പോഴും ഏതെങ്കിലും കേസുകളോ തർക്കങ്ങളോ ഉണ്ടാകുന്നുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. അതുപോലെതന്നെ നിയമപരമായ നടപടി സ്വീകരിക്കാത്തതിൻെറ ഫലമായിട്ടും, നിയമം നടത്താത്തതിൻെറ ഫലമായിട്ടും പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തെപ്പറ്റി കുറഞ്ഞത് ഒരു താലൂക്ക് ലെവലിലെങ്കിലും ഈ സംസ്ഥാനത്തിലെ അംഗീകൃത രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും മറ്റു കുടികിടപ്പുകാരുടേയും കർഷകത്തൊഴിലാളികളുടെയും കർഷക സംഘടനകളുടെയും ഒരു ചർച്ചാ സമ്മേളനം വിളിച്ചുകൂട്ടി എവിടെയെല്ലാം നിയമലംഘനം നടന്നിട്ടുണ്ടെന്നും എവിടെയെല്ലാം നടപടി സ്വീകരിക്കാതിരിന്നിട്ടുണ്ടെന്നും ആരുടെയെല്ലാം നിയമപരമായ അവകാശങ്ങൾ ഇല്ലാതാക്കിയിട്ടുണ്ടെന്നും പരിശോധിക്കാനും ക്രമമായി കാര്യക്ഷമമായി ഇതിൻെറ ഇംപ്ലിമെൻേറഷനെ സംബന്ധിച്ച് ആലോചിക്കാനും നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ഇതിൻെറ ഇംപ്ലിമെൻേറഷനുവേണ്ടി ബഹുജനങ്ങളുടെ സഹകരണത്തിനുവേണ്ടി പോപ്പുലർ കമ്മിറ്റികൾ—പഞ്ചായത്തുകൾ തോറും പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ കൺവീനറായി എല്ലാ ബഹുജനപ്രതിനിധികളും രാഷ്ട്രീയപാർട്ടി പ്രതിനിധികളും അടങ്ങിയ പോപ്പുലർ കമ്മിറ്റികൾ—രൂപീകരിച്ചു വരികയാണ്. കളക്ടർമാർ ആണ് ചെയ്തുവരുന്നത്. ആ കമ്മിറ്റികൾ അതാതു സ്ഥലത്ത് ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ വോളൻറിയായിട്ടു വരികയും അവരുടെ സഹായങ്ങളും സഹകരണവും ആവശ്യപ്പെടുകയാണെങ്കിൽ ചെയ്യുന്നുണ്ട്. മാസം തോറും ഒരിക്കൽ കൂടി സ്ഥിഗതികൾ റെവ്യൂചെയ്യണമെന്നും അവരുടെ അതിർത്തിയിൽ എന്തുമാത്രം നടപ്പിലാക്കിയെന്നും പരിശോധിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇതിനും പുറമേ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള നിലയിൽ താലൂക്കു തോറും സെമിനാറുകൾ കൂടി ഗവൺമെൻറ് നിലവാരത്തിൽ ഇതിനെ സംബന്ധിച്ച വിശദീകരണങ്ങൾ കൊടുക്കാവുന്നതാണ്. എന്തൊക്കെ ചെയ്യാമോ അതെല്ലാം ചെയ്യാം.

ശ്രീ. ഇ. അഹമ്മദ്: ഈ നിയമപ്രകാരം കുടികിടപ്പുകാർക്കുള്ള അവകാശങ്ങളിൽ ഉപരിയായി പല അവകാശങ്ങളും അവർക്കുണ്ടെന്നു വരുത്തിത്തീർത്തുകൊണ്ട് കുറച്ചുഭൂമി മാത്രമുള്ള ചെറുകിട ജൻമിമാരുടെ കൈവശമുള്ള ഭൂമി വളച്ചുകെട്ടാൻ നടപടികളെടുക്കുകയും അവിടെ ചെറുകിട ജൻമിമാർക്ക് അനുഭവിക്കാൻ അവകാശമുള്ള തേങ്ങായിടുക മുതലായ കാര്യങ്ങൾ നടത്താൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നതായി ഗവൺമെൻറിന് വല്ല അറിവും കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ പ്രത്യേക പെറ്റീഷൻസ് ഒന്നും കിട്ടിയതായി അറിവില്ല. എങ്കിലും അങ്ങനെ ചില നടപടികൾ അങ്ങിങ്ങായി നടക്കുന്നുവെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം കുടികിടപ്പുകാർക്ക് യഥാർത്ഥത്തിൽ കിട്ടേണ്ടതായ ആനുകൂല്യം ഫലത്തിൽ കിട്ടുന്നതിനെ സഹായിക്കുന്നില്ലെന്നും അതു തടസ്സങ്ങൾ സൃഷ്ടിക്കുമെന്നും അതുകൊണ്ട് അത്തരം പ്രവർത്തനങ്ങളിൽ നിന്നും പിൻവാങ്ങണമെന്നും ഗവൺമെൻറ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇന്ന് ഈ സംസ്ഥാനത്ത് അങ്ങനെയുള്ള കാര്യങ്ങൾ വളരെ വിരളമായിട്ടു മാത്രമേ നടക്കുന്നുള്ളൂ. കാര്യമായി അങ്ങനെ നടക്കുന്നതായി ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമപരമായ വിധത്തിൽ അവകാശങ്ങൾ സ്ഥാപിക്കാനുള്ള ശ്രമത്തിൽ ശ്രദ്ധപതിപ്പിക്കുന്നുണ്ടെന്നാണ് ഗവൺമെൻറിന്റെ അറിവ്.

ശ്രീ. ഇ. എം. ജോർജ്: ഈ നിയമത്തെ പരാജയപ്പെടുത്തത്തക്കവണ്ണം ഈ നിയമപ്രകാരം സാധാരണക്കാർക്ക് വിതരണം ചെയ്യേണ്ട മിച്ചഭൂമി മിച്ചഭൂമി അല്ലാതാകത്തക്കവണ്ണം അവിടെ റബ്ബർ വയ്ക്കുന്ന സംപ്രദായത്തിൽഇന്ന് മിച്ച ഭൂമിയുടെ ഉടമസ്ഥൻമാർ ഏർപ്പെട്ടിരിക്കുകയാണ്. അത് ഈ നിയമത്തെ പരാജയപ്പെടുത്താനുള്ള ശ്രമമാണെന്ന കാര്യത്തിൽ തർക്കമില്ല. കുടികിടപ്പുകാരൻ പത്തുസെൻറ് സ്ഥലത്തെ ആദായം എടുത്തുകഴിഞ്ഞാൽ അവരെ അറസ്റ് ചെയ്യാനും ഭയങ്കരമായ രീതിയിൽ മർദ്ദിക്കാനും വ്യഗ്രത കാണിക്കുന്ന ഈ ഗവൺമെൻറ് മിച്ചഭൂമി മിച്ചഭൂമിയല്ലാതാക്കത്തക്കവണ്ണം റബ്ബർ വയ്ക്കുന്ന ഏതെങ്കിലും ഒരാളുടെമേൽ ഈ മൂന്നു ദിവസത്തിനകം അറസ്റ് ചെയ്യുകയോ നടപടി നടത്തുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അറസ്റ് ചെയ്യേണ്ട കാര്യമില്ല. മിച്ച ഭൂമിയുടെ കണക്കുകൊടുക്കുന്നതിനു മൂന്നുമാസത്തെ അവധി കൊടുത്തിട്ടുണ്ട്. കണക്ക് ലാൻറ് ബോർഡിനു കൊടുക്കണം. രജിസ്റർ കച്ചേരികളിൽ ആധാരം രജിസ്റർ ചെയ്യണമെന്നുണ്ടെങ്കിൽ ജൻമിയുടെ കൈവശമുള്ള മുഴുവൻ വസ്തുവിൻറേയും പട്ടികകാണിച്ചുകൊണ്ടുള്ള ഒരു സ്റേറ്റുമെൻറ് കൊടുക്കണം. അത് ലാൻറ് ബോർഡിന് അയച്ചു കൊടുക്കുന്നതാണ്. അതുകൊണ്ടു മൂന്നുമാസം കഴിഞ്ഞല്ലാതെ ആർക്ക് എവിടെയൊക്കെയാണ് മിച്ച ഭൂമിയുള്ളത് കൈവശഭൂമി എത്രമാത്രം ദുർവിനിയോഗം ചെയ്തിട്ടുണ്ട്, മുതലായ കാര്യങ്ങൾ അറിയാൻ സാധിക്കുകയുള്ളു. ഇതിനെല്ലാം രേഖകളുള്ളതാണ്. നടപടികളുള്ളതാണ്. അങ്ങനെ മിച്ചഭൂമി അനധികൃതമായി നശിപ്പിക്കുന്നവർക്ക് പൂജപ്പുര ജയിലിലായിരിക്കും ചോറെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. എം. ജോർജ്: സർ, എൻറെ ചോദ്യം അതല്ല. റബ്ബർ പ്ലാൻറ് ചെയ്ത്, മിച്ചഭൂമിയായിത്തീരേണ്ട ഭൂമി റബർത്തോട്ടം എന്ന പേരിൽ മിച്ച ഭൂമിയല്ലാതാക്കിത്തീർക്കാൻ നടത്തുന്നശ്രമങ്ങൾക്കെതിരായി കഴിഞ്ഞ മൂന്നുമാസമായി എന്തെങ്കിലും നടപടി എടുത്തോ? റബർ പ്ലാൻറ് ചെയ്തു കഴിഞ്ഞാൽ അതു നേരത്തേ പ്ലാൻറ് ചെയ്തതാണെന്നു പറഞ്ഞു തർക്കം വരാം. ഇന്ന് വ്യാപകമായ തോതിൽ ഇതു നടക്കുന്നുണ്ട്. കുടികിടപ്പുകാരെ അറസ്റു ചെയ്യാൻ തയ്യാറാകുന്ന ഗവൺമെൻറ് ഇവർക്കെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചോ എന്നുള്ളതാണ് എൻറെ ചോദ്യം.

ശ്രീ. കെ. എം. മാണി: സർ, ഒരു സബ്മിഷൻ.

മി. സ്പീക്കർ: ചോദ്യം ചോദിക്കുന്ന അവസരത്തിൽ ആരോപണം വയ്ക്കാൻ പാടില്ല

ശ്രീ. ഇ. എം. ജോർജ്: ഗവൺമെൻറിനെപ്പറ്റിയുള്ള ആരോപണമല്ല ഞാൻ പറഞ്ഞത്. റബ്ബർ വയ്ക്കുന്ന ആളുകളെ ഈ ഗവൺമെൻറ് അറസ്റ് ചെയ്യാൻ തയ്യാറായിട്ടില്ലെന്നാണ്.

ശ്രീ. കെ. എം. മാണി: സർ, ഒരു സബ്മിഷൻ.

ശ്രീ. ഇ. എം. ജോർജ്: സബ്മിഷനൊന്നുമില്ല.

ശ്രീ. കെ. ടി. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചില നടപടികളൊക്കെ നടക്കുന്നുണ്ട്; പരിധിയെ പരാജയപ്പെടുത്തുന്നതിനു വേണ്ടി,

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിലാണെങ്കിൽ കശുവണ്ടിത്തോട്ടങ്ങൾ മാറിയിട്ട് റബ്ബർ വയ്ക്കാൻ ശ്രമിക്കുന്നതായി ശദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ റബ്ബർ കുഴികൾ മിച്ചഭൂമിയിൽ എടുക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ ഭൂമി തുണ്ടു തുണ്ടായി ഭാഗിച്ചു വിൽക്കുന്നു. അങ്ങനെയൊക്കെ പരാതികളുണ്ട്. അതിനെ സംബന്ധിച്ച് ഇപ്പോൾ ലാൻറ് അസൈൻമെൻറ് സ്പെഷ്യലാഫീസർ ഈ സ്ഥലങ്ങളിലെല്ലാം പോയി കളക്ടറൻമാരുമായി ബന്ധപ്പെട്ട് വാണിംഗ് കൊടുത്തുവരികയാണ്. അങ്ങനെയുള്ള കാര്യങ്ങൾ ശദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പിന്നെ റബ്ബർ വച്ചുപോയി അല്ലെങ്കിൽ കശുമാവുമാറി റബർ വച്ചു പോയി എന്നുള്ളതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. മൂന്നുമാസത്തിനുള്ളിൽ സ്റേറററുമെൻറുകൾ പരിശോധിച്ച് നിയമപ്രകാരം നോട്ടീസ് കൊടുത്തുകൊണ്ട് റബ്ബർ വച്ചാലും ഇല്ലെങ്കിലും ആ ഭൂമി മുഴുവൻ ഗവൺമെൻറ് പിടിച്ചെടുക്കും. ആ ഭൂമി ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യും. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറിന് യാതൊരു പരിഭ്രമവുമില്ല. ഈ നിയമത്തിൻെറ വകുപ്പുകൾ അനുസരിച്ച് കുടികിടപ്പുകാർക്ക് ന്യായമായി അവകാശങ്ങൾ നേടിക്കൊടുക്കാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്.

ശ്രീ. കെ. എം. മാണി: ഈ നിയമസഭ പാസ്സാക്കിയ 1969—ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വകുപ്പുകൾ അനുസരിച്ച് ഈ ഭൂമിയിൽ റബ്ബർ വയ്ക്കുന്നതിനെക്കുറിച്ച് ഒന്നും അനുശാസിക്കാതിരിക്കെ, അങ്ങനെ യാതൊരു റസ്ട്രിക്ഷനും പ്രൊഹിബിഷനും ഇല്ലാതിരിക്കെ അതിനെ തടയാൻ കഴിയുമെന്നു വിചാരിക്കുന്നതു ശരിയാണോ?

ശ്രീ. കെ. ടി. ജേക്കബ്: റസ്ട്രിക്ഷനൊന്നുമില്ല. ഏതായാലും ഈ നിയമത്തെ പരാജയപ്പെടുത്താൻ വേണ്ടി ചിലർ ചില നടപടികൾ സ്വീകരിക്കുന്നുണ്ട്. റബ്ബർ വയ്ക്കുന്നതിനെ നിയമത്തിൻെറ അടിസ്ഥാനത്തിൽ ചെറുക്കാൻ സാധിക്കുകയില്ല. പക്ഷേ മോറലായിട്ട് റബ്ബർ വയ്ക്കുന്നവർ മാറി നിൽക്കണം. അതിൽ സംശയമൊന്നുമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കാർഷികപരിഷ്ക്കരണ ഭേദഗതി നിയമമനുസരിച്ച് ഈ നിയമം നടപ്പാക്കുന്ന ദിവസം പരിധിയിൽക്കവിഞ്ഞ് കൈവശം ഭൂമിയുള്ള ആളുകൾ അവർ ഏതു രീതിയിൽ ഭൂമി കൺവർട്ടുചെയ്താലും ലാൻറ് ബോർഡ് അതു പരിശോധിക്കുകയും നിശ്ചിത തീയതി വച്ചുകൊണ്ട് പരിധി തിട്ടപ്പെടുത്തുകയും പരിധിയിൽക്കവിഞ്ഞഭൂമി ഗവൺമെൻറിലേക്ക് എടുക്കുകയും ചെയ്യാൻ അവകാശമില്ലേ?

ശ്രീ. കെ. ടി. ജേക്കബ്: ഉണ്ട്. മുൻകാലപ്രാബല്യത്തോടുകൂടി ഇതിനു മുമ്പു നടന്ന കൈമാറ്റങ്ങൾ അടക്കം പരിശോധിക്കാൻ ഈ ലാൻറ് ബോർഡിന് അവകാശമുണ്ട്. ആരെല്ലാം കൈമാറ്റം ചെയ്താലും വിശേഷമില്ല. കാരണം, അയാളുടെ പരിധി നിശ്ചയിക്കുമ്പോൾ മുൻ കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിലും ഫ്രാൻേറഷനായിട്ട് മാറിയിട്ടുണ്ടെങ്കിലും അതെല്ലാം പരിധിയുടെ കാര്യത്തിൽ പരിഗണിക്കുന്നതാണ്. ഇതിനെല്ലാം രേഖകളുള്ളതാണ്. വസ്തുവിൻെറ വിവരങ്ങൾ അടങ്ങിയ പട്ടിക ഗവൺമെൻറിൻെറ കൈവശമുണ്ട്. അതുകൊണ്ട് മുൻകാല പ്രാബല്യത്തോടുകൂടിത്തന്നെ ഇതു നടപ്പാക്കുന്നതാണ്. അതിനു യാതൊരു കുഴപ്പവുമില്ല.

ശ്രീ. കെ. ഐ. രാജൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തോട്ടഭൂമികളെ സംബന്ധിച്ചും മറുപടി പറയുകയുണ്ടായി. മിച്ചഭൂമി ഇല്ലാതാക്കാൻ വേണ്ടി പരിശ്രമിക്കുന്നവരെ തടഞ്ഞുനിറുത്താൻ ഈ ഗവൺമെൻറ് നടപടിയെടുക്കുന്നതിനുപകരം ഭൂമിയിലുള്ള അവകാശം സ്ഥാപിക്കാൻ പോലീസ് നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിരിക്കുകയാണ്. എന്നാൽ ഈ മിച്ചഭൂമി പിടിച്ചെടുക്കാൻ ഈ ഗവൺമെന്റ് എന്തു നടപടി തയ്യാറാക്കിയെന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: അതിനുള്ള പരിപാടി നമുക്കുണ്ട്. നിയമത്തിനനുസരിച്ചുള്ള നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. മൂന്നുമാസം നിയമപരമായിട്ട് അവർക്ക് അവധികൊടുത്തിട്ടുണ്ട്. ഈ അവസരത്തിൽ എന്തു ചെയ്യുന്നു എന്നുള്ളതു പരിശോധിച്ച് ആവശ്യമായ നടപടികളും നടത്തുന്നതാണ്. അതല്ലാതെ ഒറ്റയ്ക്ക് ആരെയെങ്കിലും തടയുകയോ അല്ലെങ്കിൽ നടപടിയെടുക്കുകയോ ചെയ്യുകയെന്നുള്ള പ്രശ്നമില്ല. നിയമാനുസൃതമായ നടപടികളും എടുക്കുന്നതാണ്. ബലം പ്രയോഗിച്ച് ഇതു നടപ്പാക്കാൻ ഗവൺമെൻറിന് ഉദ്ദേശമില്ല. ഗവൺമെൻറിനു നല്ല ധൈര്യമുണ്ട്. നിയമപരമായി നടപ്പാക്കാൻ കഴിയുമെന്ന ഉറപ്പുള്ളതുകൊണ്ട് തിടുക്കം കാണിച്ച് എവിടെയെങ്കിലും പോയി എന്തെങ്കിലും കാട്ടിക്കൂട്ടണമെന്ന് ഗവൺമെൻറിന് ഉദ്ദേശമില്ല.

ശ്രീ. കെ. കരുണാകരൻ: പുതുതായിട്ട് റബ്ബർ വച്ചുപിടിപ്പിക്കുന്ന സ്ഥലങ്ങളിൽ നിന്നും കറയെടുക്കണമെങ്കിൽ ലൈസൻസ് വാങ്ങിക്കേണ്ടത് ആവശ്യമാണ്. ലൈസൻസ് കൊടുക്കുന്നത് റബ്ബർ ബോർഡാണ്. പരിധിയെ തോൽപിക്കുന്നതിനുവേണ്ടി റബ്ബർ വയ്ക്കുന്നവർക്ക് ലൈസൻസു കൊടുക്കരുതെന്ന് റബ്ബർ ബോർഡിനെ അറിയിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ അതിനു തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: പ്രത്യേകമായ നിർദ്ദേശമൊന്നും കൊടുത്തിട്ടില്ല. വേണമെങ്കിൽ അങ്ങനെ കൊടുക്കാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ നിയമം നടപ്പാക്കുന്ന കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളെപ്പറ്റി മന്ത്രി ഇവിടെ പറയുകയുണ്ടായി. മിച്ചഭൂമി ഇല്ലാതാക്കുന്നതിനെ തടയാൻ പരിപാടികളും നടപ്പിലാക്കുന്ന കാര്യം കാര്യമായി പരിശോധിക്കുമെന്നു മാത്രമേ പറഞ്ഞുള്ളൂ. സൈലൻറുവാലിയിൽ തോട്ടം വിൽപ്പന നടത്താൻ പോകുന്നതായി മന്ത്രിയുടെ പ്രസ്താവനയിൽത്തന്നെ ഉണ്ടായിരുന്നു. എന്നാൽ ഭൂമി വളച്ചുകെട്ടുകമാത്രം ചെയ്ത ആളുകളെ ഫോൺ ചെയ്യുമ്പോഴും പോലീസുകാർ ചെന്ന് അവരെ വിളിച്ചുകൊണ്ടുപോവുകയും ലാക്കപ്പിൽ കൊണ്ടുപോയി മർദ്ദിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെയുള്ള വരുടെകൂടെ പത്തും അൻപതും പേരെക്കൂടി ചേർത്തു പ്രതിയാക്കി കേസുകളും എടുക്കുന്നുണ്ട്. അതേ സമയം പരിധിയെ തോൽപ്പിക്കുന്നവരുടെ പേരിൽ യാതൊരു നടപടിയുമില്ല. ഇതാണോ ഈ ഗവൺമെൻറിന്റെ നയം?

ശ്രീ. കെ. ടി. ജോർജ്: സർ, ഇതു നടപടിക്രമത്തിന്റെ പ്രശ്നമാണ്. നിയമത്തിനു വിധേയമല്ലാതെ ഭൂമി വളച്ചുകെട്ടിയാൽ അതിനെപ്പറ്റി അന്വേഷിക്കും. അതുപോലെതന്നെ പരിധിയിൽക്കൂടുതലുള്ള ഭൂമി വിൽക്കുകയും വാങ്ങുകയും ചെയ്യുന്നവരുടെപേരിലും നടപടിയെടുക്കും. നടപടിയെടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. പല സ്ഥലത്തും കളക്ടർമാർ നേരിട്ട് പോയി പരിശോധിക്കുകയും റവന്യൂബോർഡ് നാലാം മെമ്പർ ആ സ്ഥലം പരിശോധിച്ചുകൊണ്ടിരിക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. നിയമപ്രകാരം ചെയ്യാവുന്ന കാര്യങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും മറെറാരുകാര്യം കൂടി ഗവൺമെൻറ് ആലോചിക്കുന്നുണ്ട്. ലാൻറ് കൺസർവൻസി ആക്ട് ഭേദഗതി വരുത്താൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ട്. അതിന് ഒരു ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുണ്ട്. അതു നിയമമായി കിട്ടിയിട്ടില്ല. അങ്ങനെയുള്ള കർശനമായ നടപടികളുംകൊണ്ട് നിയമം വിജയകരമായിത്തന്നെ നടപ്പിലാക്കാൻ കഴിയുമെന്ന് ഗവൺമെൻറ് വിചാരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. ആര്യൻ: ഈ നിയമം നടപ്പിലാക്കുന്നതിന് ബഹുജനങ്ങളുടെ ഇടപെടൽ ആവശ്യമാണെന്നും 1–ാം തീയതി മുതൽ ഈ നിയമം നടപ്പിലാക്കുന്നതാണെന്നും പ്രഖ്യാപിച്ചിരിക്കേ 10 സെൻറ് ഭൂമിയിൽ പ്രവേശിക്കുകയും തേങ്ങ ഇടുകയും ചെയ്യുന്ന ആളുകളെ സ്വന്തം തോക്കുകൊണ്ട് വെടിവയ്ക്കുകയും മർദ്ദിക്കുകയും ചെയ്യുന്ന എത്ര ജൻമിമാരുടെപേരിൽ നടപടിയെടുത്തിട്ടുണ്ടെന്നുപറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ ആരെയും മർദ്ദിക്കുകയോ വെടിവയ്ക്കുകയോ ചെയ്തതായി ഗവൺമെൻറിനറിയുകയില്ല. അവർക്ക് 10 സെൻറ് ഭൂമി ലഭിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരികയാണ്. അത് ഏതാനും ദിവസത്തിനകമോ മാസത്തിനകമോ ലഭ്യമാകും. ലഭ്യമാകുന്നതുവരെങ്കിൽ പെറൻഷൻകൊടുത്ത് സർവ്വെ നടത്തി അവർക്കു കൊടുത്തെങ്കിലല്ലാതെ ആ ഭൂമി അവരുടേതായിത്തീരുകയില്ല. അതുകൊണ്ട് ദയവായി സംഘടനകളും എം. എൽ. എ. മാരും അവരെക്കൊണ്ട് ട്രൈബുണലിൽ പെറൻഷൻ കൊടുപ്പിച്ച് അവർക്ക് അവകാശം വാങ്ങാനുള്ള ശ്രമത്തിൽ കൂടികിടപ്പുകാരെ സഹായിക്കുകയാണ് ആവശ്യമായിട്ടുള്ളത്.

കാർഷിക ബിരുദധാരികൾ

* 102 (358) ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ കാർഷിക ബിരുദധാരികൾക്ക് കൃഷിക്കായി ഭൂമി പതിച്ചുകൊടുക്കാൻ ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് ഭൂമി കൊടുക്കാൻ സ്കീം ഉണ്ട്;

(സി) അർഹത നിശ്ചയിക്കുന്നതിൻെറ മാനദണ്ഡം എന്ത്?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ഇല്ല. പക്ഷേ തൊഴിൽ രഹിതരും ഭൂമിയുള്ളവരുമായ കാർഷിക ബിരുദധാരികൾക്ക് സാമ്പത്തിക സഹായം കൊടുക്കാനുള്ള സ്റേറററ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: തൊഴിൽരഹിതരായ കാർഷിക ബിരുദധാരികൾക്ക് ഭൂമി കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രസ്താവന പത്രത്തിൽ കാണുകയുണ്ടായി. അതു ശരിയാണോ?

ശ്രീ. ഒ. കോരൻ: ശരിയാണ്. ഇവിടെ ഞാൻ വായിച്ചത് സ്റേറററ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ടെന്നാണ്. പക്ഷേ ഇതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് സാമ്പത്തിക സഹായം കൂടി ചെയ്തു കൊടുത്താൽ മാത്രമേ ഗുണം കിട്ടുകയുള്ളു. അത് സ്റേറററ് ബാങ്കിനേറയും ഇൻഡ്യാഗവൺമെൻറിനേറയും ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly